**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി- 141 മികവിന്റെ കേന്ദ്രങ്ങൾക്കും അടിസ്ഥാന സൗകര്യ നവീകരണത്തിനായി ലഭിക്കുന്ന ഫണ്ടു നിക്ഷേപിക്കുന്നതിനായി 229 സ്കൂളുകൾക്കും സ്കൂൾ പ്രധാനാദ്ധ്യാപകന്റെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **389/2018/ധന.** തിരുവനന്തപുരം, തീയതി **17.01.2018**

---

പരാമർശം - 1. സ.ഉ.(സാധാ)നം. 4352/2017/ധന തിയതി 24.05.2017

2. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/01/2018-ലെ 271/18/കെ ഇ എം നമ്പരായുള്ള കുറിപ്പ് .

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട ഫണ്ടുകൾ നിക്ഷേപിക്കുന്നതിനായി 141 മികവിന്റെ കേന്ദ്രങ്ങൾക്ക് ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. മേൽ അക്കൗണ്ടുകൾ സ്കൂൾ പ്രധാനാദ്ധ്യാപകന്റെ പേരിൽ തുറക്കുന്നതിനും അടിസ്ഥാന സൗകര്യ നവീകരണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ(എം എൽ എ യുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, പി റ്റി എ പൂർവ്വവിദ്യാർത്ഥികൾ/പൊതുസമൂഹം തുടങ്ങിയവർ വഴി സ്വരൂപിക്കുന്നവ) നിക്ഷേപിക്കുന്നതിനായി 229 സ്കൂളുകൾക്കും സ്കൂൾ പ്രധാനാദ്ധ്യാപകന്റെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനും പരാമർശം (2)പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി 141 മികവിന്റെ കേന്ദ്രങ്ങൾക്കും, അടിസ്ഥാന സൗകര്യ നവീകരണത്തിനായി ലഭിക്കുന്ന ഫണ്ടു നിക്ഷേപിക്കുന്നതിനായി 229 സ്കൂളുകൾക്കും സ്കൂൾ പ്രധാനാദ്ധ്യാപകന്റെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ